പതിമൂന്നാം കേരള നിയമസഭ
ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം: 1348

14/06/2013 ൽ
മറുപടിക്ക്

'കമലാ സുരയ്യയുടെ സ്മരണകൾ നിലനിർത്താൻ പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. പി.എ. മാധവൻ | | ശ്രീ. കെ.സി. ജോസഫ് (ഗ്രാമ വികസനവും, ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പു മന്ത്രി) | |
| (എ) | കവയിത്രി കമലാ സുരയ്യയുടെ സ്മരണകൾ നിലനിർത്താൻ എന്തെല്ലാം പദ്ധതികളാണ് പ്രഖ്യാപിച്ചതെന്ന് അറിയിക്കാമോ ; | (എ) | തൃശ്ശൂർ ജില്ലയിൽ പുന്നയൂർക്കുളത്ത് കമലാ സുരയ്യ സാംസ്കാരിക സമുച്ചയം നിർമ്മിക്കുന്നുണ്ട്. |
| (ബി) | ഈ പദ്ധതികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് അറിയിക്കാമോ; | (ബി) | സമുച്ചയ നിർമ്മാണം പൊതുമരാമത്ത് വകുപ്പിനെയാണ് ഏൽപ്പിച്ചിട്ടുള്ളത്. രണ്ടു ഘട്ടമായാണ് മന്ദിരം നിർമ്മിക്കുന്നത്. ഒന്നാം ഘട്ടം ഓഫീസ് ഉൾപ്പെടുന്ന ലൈബ്രറി ബ്ലോക്കും, രണ്ടാം ഘട്ടം ഓഡിറ്റോറിയം ബ്ലോക്കും. ഒന്നാംഘട്ടം ലൈബ്രറി ബ്ലോക്കിന് പി.ഡബ്ല്യൂ.ഡി. സമർപ്പിച്ച എസ്റ്റിമേറ്റ് 77,50,000/- രൂപയാണ്. ഇതിൽ 20 ലക്ഷം രൂപ 2010-11 ലും ബാക്കി 57.50 ലക്ഷം രൂപ 2012-13 ലും പി.ഡബ്ല്യൂ.ഡി..യ്ക്ക് കൈമാറിയിട്ടുണ്ട്. ഇപ്പോൾ നിർമ്മാണത്തി നായുള്ള ടെണ്ടർ നടപടികൾ പി.ഡബ്ല്യൂ.ഡി. യിൽ നടന്നു വരുന്നതായി അറിയിച്ചിട്ടുണ്ട്. |
| (സി) | ഈ ആവശ്യത്തിലേയ്ക്കായി സാംസ്കാരിക വകുപ്പിന് കവയിത്രിയുടെ തറവാട്ടു വക സ്ഥലം കൈമാറിയിട്ടുണ്ടോ ; എങ്കിൽ എത്ര സെന്റ് സ്ഥലം കൈമാറിയിട്ടുണ്ട് എന്നറിയിക്കാമോ ; | (സി) | ഉണ്ട്. 17 സെന്റ് സ്ഥലം കൈമാറിയിട്ടുണ്ട്. |
| (ഡി) | ഇവിടെ കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ആഭിമുഖ്യത്തിൽ ഉചിതമായ സ്മാരകം നിർമ്മിക്കുന്നതിനും കാവുകൾ ഉൾപ്പെടെയുള്ള സ്ഥലം സംരക്ഷിക്കുന്നതിനും നടപടികൾ സ്വീകരിക്കുമോ ? | (ഡി) | ഉചിതമായ സ്മാരകം നിർമ്മിക്കുന്നതിനും കാവുകൾ ഉൾപ്പെടെയുള്ള സ്ഥലം സംരക്ഷിക്കുന്നതിനും നടപടികൾ സ്വീകരിക്കുന്നതാണ്. |

13/6/13

സെക്ഷൻ ഓഫീസർ